# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ക്ലാപ്പന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P8/1838/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ക്ലാപ്പന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P8/1838/2021 തീയ്യതി: 16/07/2022

## കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 23-11-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി.എം.ഡി. | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 24-11-2021 | 01-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 24-11-2021 | 01-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ജി.രഞ്ജിത്ത് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി.പ്രീത എസ് എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.അരുൺജിത്ത് ജി, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.അനിൽ കുമാർ എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എസ്.എം.ഇക്ബാൽ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| ശ്രീ. ഷാനവാസ്, ശ്രീമതി.ലീന ജോസ്, ശ്രീമതി.മാളു.കെ ഭരണനിർവ്വഹണകമ്മറ്റി അംഗങ്ങൾ | പ്രസിഡന്റ് | 01-11-2020 | 20-12-2020 |
| ശ്രീമതി. മിനിമോൾ.ഒ | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി മാളു കെ | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ശ്രീജാ ലക്ഷ്മി | വെറ്ററിനറി സർജൻ | 01-04-2020 | 11-03-2021 |
| ഡോ.രജിത | വെറ്ററിനറി സർജൻ | 12-03-2021 | 31-03-2021 |
| ഡോ.ശ്രീകല | മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 01-04-2020 | 30-09-2020 |
| ഡോ.ജ്യോതി ലക്ഷ്മി | മെഡിക്കൽ ഓഫീസർ-സിഎച്ച്സി | 01-10-2020 | 31-03-2021 |
| ഡോ.ജയലത പി ആർ | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ഡോ.ശ്രീന എസ് നായർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി ഷീബ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി സബുന്നീസ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ലീന ജോസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 08-02-2021 |
| ശ്രീമതി സലില | അസിസ്റ്റന്റ് എഞ്ചിനീയർ | 09-02-2021 | 17-02-2021 |
| ശ്രീമതി ബിന്ദു എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ശ്രീ അനിയൻ എ കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി ശോഭന ഉപേന്ദ്രനാഥ് | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2020 | 01-11-2020 |
| ശ്രീമതി മഞ്ജു | ഫിഷറീസ് ഇൻസ്പെക്ടർ | 02-11-2020 | 31-03-2021 |
| ശ്രീമതി.എൽ .ജലജ | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ലില്ലിക്കുട്ടി | ഐസിഡിഎസ് | 01-04-2020 | 24-05-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശ്രീമതി. ധന്യ | ഐസിഡിഎസ് സൂപ്പർവൈസർ | 25-05-2020 | 31-03-2021 |
| ശ്രീ.കെ.സുശീന്ദ്രൻ | സെക്രട്ടറി | 01-04-2020 | 18-06-2020 |
| ശ്രീ. ഷാനവാസ് എ | സെക്രട്ടറി | 19-06-2020 | 01-02-2021 |
| ശ്രീ. രാധാകൃഷ്ണൻ വി, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-02-2021 | 02-02-2021 |
| ശ്രീമതി. താര.ആർ | സെക്രട്ടറി | 03-02-2021 | 31-03-2021 |
| ശ്രീ. ജയകുമാർ ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 14-06-2020 |
| ശ്രീ. രാധാകൃഷ്ണൻ വി | അസിസ്റ്റന്റ് സെക്രട്ടറി | 15-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-2 |
| 3 | വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.<br>Written By: Arunjith G (Senior Grade Auditor, On 11-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 11-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 1-5 |
| 7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Anilkumar S (Senior Grade Auditor, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Arunjith G (Senior Grade Auditor, On 12-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-10 |
| 12 | ഉപയോഗിക്കാതെ ശേഷിച്ച രസീതുകൾ യഥാവിധി ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല.<br>Written By: Arunjith G (Senior Grade Auditor, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-11 |
| 13 | നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് ഒടുക്കേണ്ടതാണ്.<br>Written By: Arunjith G (Senior Grade Auditor, On 13-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-12 |
| 14 | ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 1,300/-രൂപ അധികം നൽകി.<br>Written By: Anilkumar S (Senior Grade Auditor, On 01-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-13 |
| 15 | വാട്ടർ ചാർജ്ജിനത്തിൽ വൻതുക ഒടുക്കുവരുത്തുന്നുണ്ടെങ്കിലും സംയുക്തപരിശോധന നടത്താൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Anilkumar S (Senior Grade Auditor, On 01-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-14 |
| 16 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 78,075/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Anilkumar S (Senior Grade Auditor, On 01-12-2021) | 1-15 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | |
| 17 | തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള എല്ലാവരിൽ നിന്നും നികുതി നിയമാനുസൃതം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.<br>Written By: Arunjith G (Senior Grade Auditor, On 12-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 1-16 |
| 18 | ലൈസൻസ് സംബന്ധിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല.<br>Written By: Arunjith G (Senior Grade Auditor, On 12-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-17 |
| 19 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളിലെ അപാകതകൾ.<br>Written By: S.S.Preetha (Audit Officer, On 01-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-18 |
| 20 | ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം, കെട്ടിട വാടക എന്നിവ കുടുംബശ്രീ ഫണ്ടിൽ നിന്നും നൽകി. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 2,68,050/-രൂപ.<br>Written By: Ranjith Kumar G (Audit Officer (HG), On 03-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-19 |
| 21 | ഒടുക്കിയ തുകയുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 03-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-20 |
| 22 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 3,06,040/-രൂപ<br>Written By: Ranjith Kumar G (Audit Officer (HG), On 03-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-21 |
| 23 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.<br>Written By: Ranjith Kumar G (Audit Officer (HG), On 04-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-22 |
| 24 | അസി.എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ടതാണ്.<br>Written By: Ranjith Kumar G (Audit Officer (HG), On 04-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 11-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Arunjith G (Senior Grade Auditor, On 09-12-2021) | 4-7 |

| | | |
|---|---|---|
| | Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 07-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Arunjith G (Senior Grade Auditor, On 25-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 16-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Arunjith G (Senior Grade Auditor, On 09-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 08-07-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

07.03.20 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 20.02.21 തീയതിയിലെ 2(1) നം. തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 18.06.21 | - | - |

### 1-2-1 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈഫ് ഭവനപദ്ധതിയ്ക്കായുള്ള പ്രോജക്കുകൾ (നം. 89, 92) പ്രകാരവും വാർഷിക ധനകാര്യപത്രികയിലെ RP 45 ഷെഡ്യൂളിലെ പ്രീപെയ്ഡ് എക്സ്പെൻസ് എന്ന ഷെഡ്യൂൾ പ്രകാരവും ലോൺ ചെലവ് ₹13,60,000/- ആണ്. എന്നാൽ പദ്ധതി ചെലവ് രേഖപ്പെടുത്തിയിട്ടുള്ള സുലേഖ സ്റ്റേറ്റ്മെന്റിൽ ലോൺ ചെലവായി ₹12,00,000/- മാത്രമാണ് കാണിച്ചിട്ടുള്ളത്

2) സ്റ്റോക്ക് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

3) ആസ്തി രജിസ്റ്റർ പ്രകാരം ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) വസ്തുനികുതി ഇനത്തിലെ ഡിമാന്റ് ഇനത്തിൽ സാംഖ്യ, സഞ്ചയ സോഫ്റ്റ് വെയറുകളിൽ കാണിച്ചിട്ടുള്ള തുകകളിൽ വ്യത്യാസം കാണുന്നു. പ്രസ്തുത വ്യത്യാസം ബുക്ക് അഡ്ജസ്റ്റുമെന്റാണെന്ന മറുപടിയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

5) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ട I-18 ഷെഡ്യൂളിലെ "പ്രയർ പീരിയഡ് ഐറ്റംസ് " ന്റെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

6) RP-31 ഷെഡ്യൂളിലെ 320100107 എന്ന ഹെഡിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് തുക തെറ്റായി അക്കൌണ്ട് ചെയ്തിരിക്കുന്നു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹1,51,53,255/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,68,26,407/- |
| ആകെ | ₹9,19,79,662/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹7,91,94,328/- |
| നീക്കിയിരിപ്പ് | ₹1,27,85,334/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,52,165/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ | ക്യൂബിൽ തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,43,25,750/- | 1,43,25,750/- | 1,43,25,750/- | 0 | 0 |
| വികസനഫണ്ട് | 0 | 43,64,388/- | 43,64,388/- | 37,54,127/- | 6,10,261/- | 0 |

| | | | | | | |
|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) | 0 | 81,27,093/- | 81,27,093/- | 76,56,647/- | 4,70,466/- | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 55,80,000/- | 55,80,000/- | 32,28,432/- | 23,51,568/- | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 81,94,000/- | 81,94,000/- | 81,94,000/- | 0 | 0 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 44,72,000/- | 44,72,000/- | 44,51,961/- | 20,039/- | 0 |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ശുചിത്വ മിഷൻ | 47,420/- | 3,00,000/- | 3,47,420/- | 3,00,000/- | 47,420/- | 0 |
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 5,00,000/- | 13,00,000/- | 18,00,000/- | 10,00,000/- | 8,00,000/- | 0 |
| സാക്ഷരത | 11,000/- | 0 | 11,000/- | 0 | 11,000/- | 0 |
| കുടുംബശ്രീ ഫണ്ട് | 15,43,266/- | 13,26,200/- | 28,69,466/- | 20,74,250/- | 7,95,216/- | 0 |
| ഫിഷറീസ് | 28,369/- | 0 | 28,369/- | 0 | 28,369/- | 0 |
| അവാർഡ് ഫണ്ട് | 10,00,000/- | 0 | 10,00,000/- | 8,17,688/- | 1,82,312/- | 0 |
| ഡിഡിഎംഎ ഫണ്ട് | 0 | 16,60,740/- | 16,60,740/- | 16,60,740/- | 0 | 0 |
| എംജിഎൻആർഇജിഎസ് (സംസ്ഥാന വിഹിതം) | 0 | 6,76,143 | 6,76,143 | 6,72,985 | 3,158 | 0 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ഐസിഡിഎസ് | 8,34,779/- | 9,40,526/- | 17,75,305/- | 12,70,154/- | 5,05,151/- | 0 |
| സമ്പൂർണ്ണ ശുചിത്വം (ടിഎസ് സി) | 18,77,510/- | 23,61,512/- | 42,39,022/- | 9,73,517/- | 32,65,505/- | 0 |
| സൻസദ് ആദർശ് ഗ്രാം യോജന | 9,480/- | 0 | 9,480/- | 0 | 9,480/- | 0 |
| ബേബി ഫ്രണ്ട് ലി ടോയിലറ്റ് | 51,426/- | 0 | 51,426 | 0 | 51,426/- | 0 |
| സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ് | 0 | 7,965/- | 7,965/- | 0 | 7,965/- | 0 |

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വ്യതിയാനമുള്ള ഫണ്ടുകളുടെ വിവരം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ | ജിഒ പ്രോജക്ട് പ്രകാരം സോഴ്സിൽ കുറവ് ചെയ്ത തുക ₹ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,17,38,276/- | 1,17,38,276/- | 1,43,25,750/- | -25,87,474/- | 34,14,979/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 42,32,506/- | 42,32,506/- | 37,54,127/- | 4,78,379/- | 1,31,882/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 44,26,768/- | 44,26,768/- | 44,51,961/- | -25,193/- | 45,232/- |

ജി ഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റുമെന്റിന്റെ വരവ് ഭാഗത്ത് ഉൾപ്പെടുത്തിയിട്ടില്ല, എന്നാൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റുമെന്റിലെ വരവിലും നീക്കിബാക്കിയിലും പ്രസ്തുത വ്യത്യാസം പ്രതിഫലിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ, സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ എന്നിവയുടെ കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| CSS | 0 | 6,00,000/- | 6,00,000/- | 0 | 6,00,000/- |
| | 0 | 11,00,000/- | 11,00,000/- | 4,00,000/- | 7,00,000/- |
| | 0 | 76,97,657/- | 76,97,657/- | 28,87,721/- | 48,09,936/- |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള CSS മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കിലെ യഥാർഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| SSS | 0 | 95,00,000/- | 95,00,000/- | 5,64,650/- | 89,35,350/- |
| | 0 | 14,46,09,215/- | 14,46,09,215/- | 70,00,000/- | 13,76,09,215/- |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള SSS മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ വാർഷികകണക്കിലെ യഥാർഥ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ഫണ്ടുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 13,49,73,051/- | 106 | 5,62,35,153/- | - | 35 | 75% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 6,76,143/- | 6,76,143/- | 6,72,985/- | 3,158/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 3,99,09,430/- | 3,99,09,430/- | 3,99,09,430/- | 0 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 78,240/- | 121 |
| കർഷകതൊഴിലാളി പെൻഷൻ | 42,52,800/- | 288 |
| വിധവാ പെൻഷൻ | 1,41,18,700/- | 838 |
| വാർദ്ധക്യകാല പെൻഷൻ | 2,40,84,800/- | 1857 |
| വികലാംഗ പെൻഷൻ | 54,11,700/- | 349 |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 10,72,300/- | 71 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 1,20,000/- | 4 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.21, 3 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹34,395/-ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. എന്നാൽ സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന മാനുവൽ രസീതുകൾ യഥാവിധി ക്യാൻസൽ ചെയ്തു സൂക്ഷിക്കുന്നില്ല.

ബേബി ഫ്രണ്ട് ലി ടോയിലറ്റ്, സൻസദ് ആദർശ് ഗ്രാം യോജന, സാക്ഷരത എന്നിവയ്ക്കായി ആരംഭിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ദീർഘകാലമായി യാതൊരു ഇടപാടുകളും നടത്തുന്നില്ലാത്തതിനാൽ പ്രസ്തുത അക്കൗണ്ടുകൾ നിഷ്ക്രിയമായി തുടരുന്നു. ഈ അക്കൗണ്ടുകളിൽ ദീർഘകാലമായി പലിശയൊന്നും ലഭിക്കുന്നില്ല. ഇത്തരം അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ദുരിതാശ്വാസനിധി അക്കൗണ്ടും നിഷ്ക്രിയമായി തുടരുന്നു. ഈ അക്കൗണ്ടിലേക്ക് സംഭാവനകൾ സ്വീകരിക്കുന്നതിനോ അവ അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനോ ഉള്ള ക്രിയാത്മക നടപടികൾ ഒന്നും തന്നെ സ്വീകരിച്ച് വരുന്നില്ല.

പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി

പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി കൃത്യമായി ഡിമാന്റ് ചെയ്യുന്നതിന് സ്ഥാപന രജിസ്റ്റർ പരിപാലിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയിൽ കളക്ഷൻ തന്നെ ഡിമാന്റ് ആയി കണക്കാക്കുന്നു. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന് കാരണമാകുന്നുണ്ട്.

തെരുവുവിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ യഥാസമയം എൻട്രികൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. പരാതി പരിഹാര രജിസ്റ്റർ, രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസ് എന്നിവയും പരിപാലിച്ച് കാണുന്നില്ല. ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. പുതുതായി ആർജ്ജിക്കുന്ന ആസ്തികളുടെ പേര് ആസ്തി രജിസ്റ്ററിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ആസ്തി തിട്ടപ്പെടുത്തി കാലികമാക്കുന്നതിന് ആസ്തി പരിപാലന കമ്മിറ്റിക്ക് അറിയിപ്പ് നൽകിയിട്ടുള്ളതായി മിനിട്സ് രേഖകളിൽ കാണുന്നുണ്ടെങ്കിലും നാളിതുവരെ കാലികമാക്കിയിട്ടില്ല.

റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും, പര്യാപ്തമായ രീതിയിൽ ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.02.21 – 23.02.21 | 01.04.20 – 31.12.20 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.02.19 | 2013-14 - 2017-18 | LBA(HQ)II/II/8A-114/18-19 Dtd. 08/05/19 |

## 1-11 ഉപയോഗിക്കാതെ ശേഷിച്ച രസീതുകൾ യഥാവിധി ക്യാൻസൽ ചെയ്ത് സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ പണം പിരിവിനായി 2020-21 ൽ ഇഷ്യൂ ചെയ്തിരുന്ന രസീതുബുക്കുകളിൽ ഉപയോഗിക്കാതെ ശേഷിച്ച താഴെപറയുന്ന രസീതുകൾ നിയമാനുസൃതം ക്യാൻസൽ ചെയ്യാതെ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം | ഇഷ്യൂ ചെയ്ത തീയതി | ബുക്ക് നം | ഉപയോഗിക്കാത്ത രസീതുകൾ | ഇഷ്യൂചെയ്തത് ശ്രീ / ശ്രീമതി |
|---|---|---|---|---|
| 1 | 05.06.20 | 55018 | 21-100 | രാജി, ക്ലാർക്ക് |
| 2 | 05.03.21 | 19218 | 53-100 | രാധാകൃഷ്ണൻ നായർ, ക്ലാർക്ക് |
| 3 | 12.03.21 | 19222 | 80-100 | ബിജു എം, ക്ലാർക്ക് |
| 4 | 12.03.21 | 19223 | 20-100 | കൃഷി ഓഫീസർ |

ഈ രസീതുകൾ നിയമാനുസൃതം ക്യാൻസൽ ചെയ്ത് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് ( നം.13/30.11.21 ) നല്കിയെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

ഉപയോഗിക്കാതെ ശേഷിച്ച രസീതുകൾ യഥാവിധി ക്യാൻസൽ ചെയ്യാതെ സൂക്ഷിക്കുന്നത് ആയതിന്റെ ദുരുപയോഗത്തിന് കാരണമാകാമെന്നതിനാൽ മേൽ രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടെ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

1-12 നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് ഒടുക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന രണ്ട് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും ദീർഘകാലമായി ഇടപാടുകൾ നടത്തിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | ഇനം | അക്കൗണ്ട് നം | ബാങ്ക് | 31.03.20 ലെ ബാലൻസ് തുക ₹ | കുറിപ്പുകൾ |
|---|---|---|---|---|---|
| 1 | ബേബി ഫ്രണ്ട് ലി ടോയിലറ്റ് | 57061445754 | എസ്ബിഐ, ക്ലാപ്പന | ₹51,426/- | 01.04.14 മുതൽ യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല, അക്കൗണ്ടിൽ പലിശ വരവില്ല |
| 2 | സാക്ഷരത സമിതി | 57061444987 | എസ്ബിഐ, ക്ലാപ്പന | ₹11,000/- | 25.09.17ന് ശേഷം യാതൊരു ഇടപാടുകളും നടത്തിയിട്ടില്ല. അക്കൗണ്ടിൽ പലിശ വരവില്ല |
| 3 | സൻസദ് ആദർശ് ഗ്രാം യോജന | 3583101009379 | കാനറ ബാങ്ക്, ഓച്ചിറ | ₹9,480/- | 2020-21 ൽ പലിശ വരവില്ല |

മേൽ അക്കൗണ്ടുകളെ ബാങ്കുകൾ നിഷ്ക്രിയ അക്കൗണ്ടുകളുടെ ഗണത്തിൽപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. അക്കൗണ്ടുകളിൽ നിന്നും ഇടപാടുകൾ നടത്തി സക്രിയമായി സൂക്ഷിക്കാൻ സാധിക്കാത്തപക്ഷം ആയതിലെ തുകകൾ നിഷ്ക്രിയ ആസ്തിയായി പലിശ വരവുപോലും ഇല്ലാത്തതായി തുടരുന്നതായി കാണുന്നു.
പ്രത്യേകമായ ഇടപാടുകൾ ഇല്ലാത്ത നിഷ്ക്രിയ അക്കൗണ്ടുകൾ ക്ലോസ് ചെയ്ത് തുകകൾ ബന്ധപ്പെട്ട ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്.

1-13 ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 1,300/-രൂപ അധികം നൽകി.

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സി.എഫ്.എൽ.റ്റി.സി-യിലേക്ക് 14.12.20 മുതൽ 23.12.20 വരെയുള്ള ദിവസങ്ങളിൽ നാല് പ്രാവശ്യം നൽകിയ ഭക്ഷണചെലവും, ട്രാൻസ്പോർട്ടേഷൻ ചാർജ്ജും (ഒരു പ്രാവശ്യം 130/-രൂപ) ഉൾപ്പെടെ 72,790/-(ചെക്ക് നം-5389572/31.12.20) രൂപ ബിസ്മി കാറ്ററിംഗ് യൂണിറ്റിന് നൽകി. നാല് പ്രാവശ്യം ഭക്ഷണം എത്തിച്ചതിന് അഞ്ച് പ്രാവശ്യത്തെ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകിയതായി കാണുന്നു. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| നൽകേണ്ട തുക (രൂപ) | നൽകിയ തുക (രൂപ) | അധികം നൽകിയ തുക(രൂപ) |
|---|---|---|
| 5,200/-(130*4*10) | 6,500/-(130*5*10) | 1,300/- |

ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ തുക അധികം നൽകിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 1,300/-രൂപ അധികം നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.6/ 30.11.21

1-14 വാട്ടർ ചാർജ്ജിനത്തിൽ വൻതുക ഒടുക്കുവരുത്തുന്നുണ്ടെങ്കിലും സംയുക്തപരിശോധന നടത്താൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഒരു പൊതുടാപ്പിന് 5,250/-രൂപ നിരക്കിൽ 298 പൊതുടാപ്പിന് പ്രതിമാസം 1,30,375/-രൂപയാണ് വാട്ടർ ചാർജ്ജിനത്തിൽ കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. കൂടാതെ കുടിശ്ശികയിനത്തിൽ വൻതുക ഒടുക്കുവാനും അവശേഷിക്കുന്നു. ഇപ്രകാരം വാട്ടർ ചാർജ്ജിനത്തിൽ വൻതുക ഒടുക്കുവരുത്തുമ്പോൾ പ്രവർത്തനക്ഷമതയുള്ള പൊതുടാപ്പുകളുടെ അടിസ്ഥാനത്തിൽ മാത്രം വാട്ടർ ചാർജ്ജ് കണക്കാക്കുന്നതിന് ഗ്രാമപഞ്ചായത്തും, വാട്ടർ അതോറിറ്റിയും തമ്മിൽ സംയുക്തപരിശോധന നടത്തിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയുടെ 2/21-ലെ ഡിമാന്റ് ഇൻവോയ്സ് പ്രകാരം ഒടുക്കാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 28.2.21-വരെ ഒടുക്കാൻ അവശേഷിക്കുന്ന തുക | 77,96,914/-രൂപ |
| പിഴപ്പലിശ | 1,52,938/-രൂപ |
| ആകെ | 7949852/-രൂപ |

1) 79,49,852/-രൂപ കുടിശ്ശിക ഉണ്ടായതിന് രേഖാമൂലം വിശദീകരണം നൽകേണ്ടതും, കുടിശ്ശിക തുക പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2) സംയുക്തപരിശോധന നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

3) നിലവിൽ പ്രവർത്തനക്ഷമതയുള്ള പൊതുടാപ്പുകളുടെ എണ്ണം ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉൾപ്പെട്ട രേഖകൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സംയുക്തപരിശോധന നടത്തുന്നതിന് ആവശ്യമായ യാതൊരു നടപടികളും ഗ്രാമപഞ്ചായത്ത് നാളിതുവരെ സ്വീകരിച്ചിട്ടില്ല. ആയതിന് രേഖാമൂലം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. സംയുക്തപരിശോധന നടത്തി പ്രവർത്തന ക്ഷമതയുള്ള പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി പ്രതിമാസ വാട്ടർ ചാർജ്ജ് കുറയ്ക്കുന്നതിനും, ആയതിന്റെ അടിസ്ഥാനത്തിൽ കുടിശ്ശിക തുക കുറയ്ക്കുന്നതിനും ആവശ്യമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.5/ 30.11.21

1-15 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 78,075/-രൂപ തടസ്സപ്പെടുത്തുന്നു.

2020-21 വർഷത്തിൽ താഴെപ്പറയുന്ന പ്രവൃത്തിയുടെ ചെലവിനാധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഇനം | തുക (രൂപ) | ചെക്ക് നം/തീയതി |
|---|---|---|
| പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 6,811/- | 06565/11.9.20 |
| | 2,822/- | 010869/23.9.20 |
| | 50,780/- | 010112/1.2.21 |
| | 17,662/- | 010128/10.2.21 |
| ആകെ | 78,075/- | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ ചെലവിന് ആധാരമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി 78,075/-രൂപയുടെ തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.7/ 29.11.21

1-16 തൊഴിൽ നികുതി ഒടുക്കാൻ ബാധ്യതയുള്ള എല്ലാവരിൽ നിന്നും നികുതി നിയമാനുസൃതം ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ

കുറയാത്തകാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

2020-2021 സാമ്പത്തികവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്തുപ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ 60 ദിവസങ്ങളിലധികം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ജോലികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ടോയെന്ന് പരിശോധിച്ച് നികുതി ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 15 റേഷൻ കടകളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തൊഴിൽനികുതി യഥാവിധി ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി-13/30.11.21

1-17 ലൈസൻസ് സംബന്ധിച്ച സ്ഥാപനങ്ങളുടെ ലിസ്റ്റ് പൂർണ്ണമല്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ വ്യാപാരികളുടെയും വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ 141 സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 308 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ഓരോ വാർഡിലെയും കളക്ഷൻ തന്നെ ഡിമാന്റായി കാണിച്ചിരിക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റിൽ പുതിയ സ്ഥാപനങ്ങളെ കൂട്ടിച്ചേർത്തും, പ്രവർത്തിക്കാത്ത സ്ഥാപനങ്ങളെ ഒഴിവാക്കിയും ലിസ്റ്റ് കാലികമാക്കുന്നില്ല. ആയതിനാൽ എല്ലാ വ്യാപാരസ്ഥാപനങ്ങളും IFTE & OS, തൊഴിൽ നികുതി എന്നിവ കൃത്യമായി അടയ്ക്കുന്നുവെന്ന് ഉറപ്പാക്കാൻ കഴിയുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതുവിതരണവകുപ്പിന്റെ പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). പഞ്ചായത്ത് പരിധിയിൽ 15 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് മുൻവർഷം മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളെ ഒന്നുംതന്നെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തി ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. കൂടാതെ ലൈസൻസ് സംബന്ധിച്ച ബൈലോ തയ്യാറാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നെങ്കിലും യാതൊരു തുടർനടപടിയും സ്വീകരിച്ചതായി കാണുന്നില്ല.

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. അടിയന്തിരമായി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 13/30.11.21

1-18 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളിലെ അപാകതകൾ.

31.03.12 ലെ സ.ഉ.(കൈ)93/2012/തസ്വഭവ ഉത്തരവ് പ്രകാരമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങേണ്ടതെന്ന് 15.12.17ലെ സ.ഉ(കൈ)നം.254/17/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ സാധനങ്ങൾ വാങ്ങിയതിലും സംഭരണത്തിലും പ്രസ്തുത ഉത്തരവിലെ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല.

1. നികുതികൾ കുറവ് ചെയ്യാതെ മെറ്റീരിയൽ വിതരണക്കാർക്ക് തുക നൽകുന്നു.

ജി.എസ്.ടി. ആക്ട് സെക്ഷൻ 51 പ്രകാരം രണ്ടര ലക്ഷം രൂപയിൽ അധികരിക്കുന്ന കരാർ തുക വരുന്ന വാങ്ങൽ നടത്തുന്ന/സേവനം കൈപ്പറ്റുന്ന സംഗതികളിൽ ബില്ലിൽ/ഇൻവോയ്സിൽ കാണിച്ചിരിക്കുന്ന ടാക്സ് കഴിച്ചുള്ള തുകയുടെ 2% നിരക്കിൽ ടി.ഡി.എസ്. ആയി ജി.എസ്.ടി ഈടാക്കി അടവാക്കേണ്ടതുണ്ട്. നികുതികളുടെ തുക കണക്കാക്കി അത് കുറവ് ചെയ്ത് കരാറുകാരന് ബിൽ തുക അനുവദിക്കേണ്ടതിന് പകരം ബിൽ തുക മൊത്തമായി അനുവദിക്കുന്നതിനാൽ കരാറുകാർക്ക് അധികം തുക നൽകുന്ന സാഹചര്യമാണ് നിലവിലുള്ളത്. പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്. എം ഐ എസിൽ ഇതു സംബന്ധിച്ച ഭേദഗതികൾ വരുത്തുന്നത് വരെ സ്വീകരിക്കേണ്ട തുടർനടപടികൾ സംബന്ധിച്ച് MNREGS – ബ്ലോക്ക്, ജില്ലാതലങ്ങളിൽ അറിയിച്ച് വ്യക്തത വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. സാധന സാമഗ്രികളുടെ കൈമാറ്റം – രേഖകൾ സൂക്ഷിക്കുന്നില്ല.

സാധന സാമഗ്രികൾ വിതരണത്തിന് കരാർ എടുത്തവർ പ്രവൃത്തി സ്ഥലങ്ങളിൽ സാധനങ്ങൾ ഇറക്കേണ്ടതും തൊഴിലുറപ്പ് അസി.എഞ്ചിനീയർ അവ കൈപ്പറ്റേണ്ടതുമാണ്. തുടർന്ന് ഇവ അതാത് തൊഴിലുറപ്പ് മെയ്റ്റമാർക്ക് കൈമാറേണ്ടതും അവർ മുകളിൽ സൂചിപ്പിച്ച സർക്കാർ ഉത്തരവിലെ അനുബന്ധം 6 പ്രകാരമുള്ള ഫോറത്തിൽ സ്റ്റോക്ക് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. മെയ്റ്റ് സാധനസാമഗ്രികൾ ഏറ്റുവാങ്ങുന്നതിന്റെ ഫോട്ടോയും നിർബന്ധമായി എടുക്കേണ്ടതും ആയത് എം.ഐ.എസിൽ അപ് ലോഡ് ചെയ്യേണ്ടതുമാണ്. എഞ്ചിനീയറുടെ പക്കൽ നിന്നും സാധനസാമഗ്രികൾ ഏറ്റുവാങ്ങുമ്പോൾ അതിനുള്ള കൈപ്പറ്റ് രസീത് മേയ്റ്റ് ഒപ്പിട്ട് എഞ്ചിനീയറുടെ മേൽ ഒപ്പോടുകൂടി (അനുബന്ധം 5) എഞ്ചിനീയർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിച്ചു കാണുന്നില്ല.

3. പി.എ.സി തുകയിൽ ലിമിറ്റ് ചെയ്യാതെ വിതരണക്കാരന് തുക അനുവദിക്കുന്നു .

കുമരിച്ചിനേത്ത് ഡ്രെയിൻ നിർമ്മാണം പ്രവൃത്തിയിൽ വിതരണക്കാരൻ അംഗീകരിച്ച പി.എ.സി 3,17,265.24/-രൂപയാണ്. എന്നാൽ വിതരണക്കാരന് 3,23,686/-രൂപ എം.ബുക്ക് പ്രകാരം അംഗീകരിച്ച് എഫ്.ടി.ഒ ചെയ്തിരിക്കുന്നു.

4. എം.ബുക്കിൽ മെറ്റീരിയൽ സ്റ്റാക്കിംഗ് കൃത്യമായി രേഖപ്പെടുത്തുന്നില്ല.

പുത്തൻ മണ്ണേൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ മെറ്റീരിയൽ സ്റ്റാക്കിംഗ് രേഖപ്പെടുത്തിയിട്ടില്ല.

5. കരാറുകൾ യഥാവിധി തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

നമ്പർ, തീയതി എന്നിവ രേഖപ്പെടുത്താത്തതും സെക്രട്ടറി ഒപ്പുവച്ചു ആധികാരികമാക്കാത്തതുമായ കരാറുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ഉദാ.പുത്തൻ മണ്ണേൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി, അതുർ പാലക്കുളങ്ങര റോഡ് കോൺക്രീറ്റ്.

6. സ്കിൽഡ്/ സെമിസ്കിൽഡ് ജോലിക്കാരുടെ മസ്റ്റർ റോൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല .

ഉദാ. കറുത്തേരിൽ തട്ടയ്ക്കാട്ട് വിള റോഡ് കോൺക്രീറ്റ്. ആദ്യ ഘട്ടം. (വാർഡ് 2)

7. എഫ്.ടി.ഒ യുടെ അടിസ്ഥാനത്തിൽ എം ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

സ്കിൽഡ്/അൺസ്കിൽഡ് ലേബറേഴ്സിന്റെ വേതനം അതേ ക്രമത്തിൽ എഫ്.ടി.ഒ ചെയ്യുന്ന പ്രകാരം എം ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്താത്തതിനാൽ സ്കിൽഡ്/അൺസ്കിൽഡ് വർക്കേഴ്സ് വേതനത്തിന്റെ ആധികാരികത പരിശോധിക്കാൻ കഴിയുന്നില്ല.

ഉദാ. അതുർ പാലക്കുളങ്ങര റോഡ് കോൺക്രീറ്റ്.

8. അളവ് പുസ്തകത്തിൽ പ്രവൃത്തിയുടെ തീയതി രേഖപ്പെടുത്തുന്നില്ല .

പരിശോധനയ്ക്കായി ഹാജരാക്കിയ പുന്നോലിൽ-ഒറ്റതെങ്ങ് റോഡ് കോൺക്രീറ്റ് പ്രവൃത്തിയിൽ (വാർഡ് 8) തീയതി രേഖപ്പെടുത്താതെ അളവ് പുസ്തകം എഴുതി സൂക്ഷിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11 /തീയതി.30.11.2021 ന് അപാകതകൾ ആവർത്തിക്കില്ലായെന്ന മറുപടിയാണ് ലഭിച്ചത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 31.03.12ലെ സ.ഉ.(കൈ)93/2012/തസ്വഭവ ഉത്തരവു പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നതിലെ വീഴ്ച പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-19 ബഡ്സ് സ്കൂൾ ജീവനക്കാരുടെ വേതനം, കെട്ടിട വാടക എന്നിവ കുടുംബശ്രീ ഫണ്ടിൽ നിന്നും നൽകി. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 2,68,050/-രൂപ.

പ്രോജക്ട് നം. - 91/21
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി
അടങ്കൽ - 3,00,000/- (വികസനഫണ്ട്)
മറ്റുള്ളവ – 11,00,000/-
ആകെ – 14,00,000/-

മേൽ പ്രോജക്ട് പ്രകാരം ബഡ്സ് സ്കൂൾ കെട്ടിട വാടക, ജീവനക്കാരുടെ ശമ്പളം എന്നീയിനങ്ങളിൽ ആകെ 5,64,650/-രൂപ ചെലവിൽ 2,96,600/-രൂപ വികസനഫണ്ടിൽ നിന്നും 2,68,050/-രൂപ കുടുംബശ്രീ ഫണ്ടിൽ നിന്നും നൽകിയിരിക്കുന്നു.

5/2000 മുതൽ 8/2000 വരെയുള്ള കെട്ടിട വാടക 28,000/-രൂപയും ശമ്പളമിനത്തിൽ 2,40,050/-രൂപയും ഉൾപ്പെടെ 2,68,050/-രൂപയാണ് കുടുംബശ്രീ ഫണ്ടിൽ നൽകിയിരിക്കുന്നത്. ഉത്തരവ് നം.3807/K2/17/|KSKLM, തീ.18.9.2018 പ്രകാരം ബഡ്സ് സ്കൂൾ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിനേ കുടുംബശ്രീ ഫണ്ട് ഉപയോഗിക്കാവൂ. ശമ്പളം, വാടക എന്നിവക്ക് ടി തുക ഉപയോഗിക്കാൻ പാടില്ല എന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ മേൽ ഉത്തരവിന് വിരുദ്ധമായ ഈ ചെലവ് 2,68,050/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 16.02.2021 ലെ പഞ്ചായത്ത് കമ്മിറ്റി അടിയന്തിര മീറ്റിംഗിലെ തീരുമാനം 4 (7) പ്രകാരം പ്ലാൻ ഫണ്ട് ലഭ്യമാകുന്ന മുറക്ക് ചെലവു തുക കുടുംബശ്രീ ഫണ്ടിലേക്ക് തിരികെ ഒടുക്കുമെന്ന പറയുന്നു. ചട്ടവിരുദ്ധമായി ഫണ്ട് വകമാറ്റി നടത്തിയ ചെലവ് 2,68,050/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഇതുസംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.10/30-11-21ന് 3,00,000/-രൂപ വികസനഫണ്ടും, 11,00,000/-രൂപ കുടുംബശ്രീ ഫണ്ടും വകയിരുത്തി ബഡ്സ് സ്കൂൾ വർക്കിങ് ഫണ്ട് എന്ന പ്രോജക്ട് വയ്ക്കുകയും, വികസനഫണ്ട് തീർന്നപ്പോൾ വികസന ഫണ്ടോ, തനതുഫണ്ടോ ഉപയോഗിച്ച പ്രോജക്ട് റിവൈസ് ചെയ്യണമെന്ന് പഞ്ചായത്ത് കമ്മിറ്റിയോട് ആവശ്യപ്പെട്ടുവെന്നും, എന്നാൽ ഈ ഫണ്ടുകളുടെ അപര്യാപ്തതമൂലം കഴിഞ്ഞില്ല എന്നും മറുപടി നല്കി. കുടുംബശ്രീ മിഷനിൽ നിന്നും ഫണ്ട് പിന്നീട് റീക്യൂപ്പ് ചെയ്താൽ മതിയെന്ന നിർദ്ദേശിച്ചതായും മറുപടി തന്നിട്ടുണ്ട്. തുടർന്നുള്ള പഞ്ചായത്ത് കമ്മിറ്റി അജണ്ടയിൽ ഈ കാര്യം ഉൾപ്പെടുത്താൻ നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നും മറുപടിയിൽ അറിയിക്കുന്നു. ബഡ്സ് സ്കൂൾ പ്രവർത്തന ഫണ്ടായി കുടുംബശ്രീ ഫണ്ട് വകയിരുത്തിയതു തന്നെ ചട്ടവിരുദ്ധമാണ്. കുടുംബശ്രീ ഫണ്ട് റീക്യൂപ്പ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കുടുംബശ്രീ ഫണ്ടിൽ നിന്നും, ശമ്പളം, വാടകയിനത്തിലുള്ള ചെലവിന്റെ വിശദാംശങ്ങൾ

| ഇനം | ചെക്ക് നം. | തുക(രൂപ) |
|---|---|---|
| വാടക | 10893/14-10-20 | 28,000/- |
| ശമ്പളം (സെപ്റ്റംബർ) | 10908/23-10-20 | 56,000/- |
| ശമ്പളം (ഒക്ടോബർ, നവംബർ) | 24119/14-12-20 | 61,350/- |
| ശമ്പളം (ഡിസംബർ) | 24157/18-01-21 | 30,675/- |
| ശമ്പളം (ജനുവരി) | 11061/1-3-21 | 30,675/- |
| ശമ്പളം (ഫെബ്രുവരി) | 11100/19-3-21 | 30,675/- |
| ശമ്പളം (മാർച്ച്) | 11253/31-3-21 | 30,675/- |
| ആകെ | | 2,68,050/- |

തടസ്സപ്പെടുത്തുന്ന തുക – 2,68,050/-
ഓഡിറ്റ് എൻക്വയറി നം – 10/30.11.2021

1-20 ഒടുക്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

1) പ്രോജക്ട് നം – 94/21
പ്രോജക്ട് – ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ
മെയിന്റനൻസ് ഗ്രാന്റ് - 1,50,000/-
മേൽ പ്രോജക്ട് പ്രകാരം ബിൽ നം.1/20-21 തീ 11.09.20, തുക 1,50,000/-രൂപ കേരളാ ഹോമിയോപതി കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിരിക്കുന്നു. എന്നാൽ ഇൻഡെന്റ് പ്രകാരമുള്ള മരുന്നുകൾ മുഴവൻ ലഭ്യമായില്ല. ഇൻവോയിസ് നം.എൽ എഫ് 908/16.7.21 പ്രകാരം 64,876/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായത്. ലഭിക്കാൻ ബാക്കി നിൽക്കുന്ന 85,124/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
2) പ്രോജക്ട് നം – 96/21
എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ എന്ന പ്രോജക്ടിനു 1,50,000/-രൂപ മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തിയിരുന്നു. ടി തുക ബിൽ നം.2/20-21 തീ 3.9.20 പ്രകാരം കേരളാ സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് നൽകിയിട്ടുണ്ട്. ഇൻഡെന്റ് പ്രകാരമുള്ള 1,21,128/-രൂപയുടെ മരുന്നു മാത്രമാണ് നാളിതുവരെ ലഭ്യമായത്. ലഭിക്കാൻ ബാക്കി നിൽക്കുന്ന 28,872/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. 3,06,040/-രൂപ

ചുവടെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭ്യമായില്ല.

| ക്രമ നം | പ്രോജക്ട് | തുക(രൂപ) | ഒടുക്കിയ സ്ഥാപനം |
|---|---|---|---|
| 1 | പ്രോജക്ട് നം. 97/21-പുതിയ സ്ട്രീറ്റ് ലൈൻ വലിക്കൽ – 300M One Conductor & സിംഗിൾ ഫേസ് 230m ലൈൻ-വാർഡ്-3 അടങ്കൽ – 1,51,040/-രൂപ (സി.എഫ്.സി) | 1,51,040/-രൂപ ബിൽനം. 400 716685/ 10.11.20 | KSEB Ochira |
| 2. | പ്രോജക്ട് നമ്പർ 125/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-4 വാർഡിൽ പഞ്ചായത്ത് ഗ്രൗണ്ട് മുതൽ ചക്കാലത്ത്ത്തറ വരെ അടങ്കൽ – 1,55,600/-രൂപ (സി.എഫ്.സി) | 1,55,000/-രൂപ(ബിൽ നം.34/3-2-32&37/22-2-21) | കേരളാ വാട്ടർ അതോറിറ്റി, കൊല്ലം |
| | ആകെ | 3,06,040/- | |

1-22 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

പ്രോജക്ട് നം – 30/21, പാലിയേറ്റീവ് കെയർ പ്രോജക്ട്
നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, പി.എച്ച്.സി
വികസന ഫണ്ട് - 7,02,660/-
മറ്റുള്ളവ – 55,840/-
ആകെ - 7,58,500/-
ചെലവ് - 6,21,803/-
പാലിയേറ്റീവ് കെയറിനു വേണ്ടി മരുന്നുകൾ ലഭ്യമാക്കാൻ 2,90,443/-രൂപ മെഡിക്കൽ സർവീസ് കോർപ്പറേഷനു ബിൽ നം. 8013758/26/3/21 പ്രകാരം നൽകിയിരിക്കുന്നു. 20/8/21 നു കാരുണ്യ

മെഡിക്കൽ ഡിപ്പോ കൊല്ലത്തുനിന്ന് ഇൻവോയിസ് നം. 6385 പ്രകാരം 73,749/-രൂപയുടെ മരുന്നു ലഭ്യമായി. 2,16,694/-രൂപയുടെ മരുന്നു നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നു ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/26-11-21 ന് മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്നും തുടർ വർഷങ്ങളിലാണ് മരുന്നുകൾ ലഭ്യമാകുന്നതെന്നും, ഇതൊരു തുടർപ്രകീയ ആയതിനാൽ പാലിയേറ്റീവ് പ്രവർത്തനങ്ങൾക്ക് മരുന്ന് ക്ഷാമം ഉണ്ടാകാറില്ല എന്നും മറുപടി നൽകി. മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 അസി.എൻജിനീയറുടെ വാല്യുവേഷന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകേണ്ടതാണ്.

പ്രോജക്ട് നം -128/21
പ്രോജക്ട് – പഞ്ചായത്ത് ഓഫീസ് കെട്ടിടം ഇന്റീരിയൽ ഫർണിഷിംഗ്
നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
അടങ്കൽ - 28,02,423/- വികസന ഫണ്ട്
തനതു ഫണ്ട് - 11,56,004/-
ആകെ - 39,58,427/-
ചെലവ് – 31,02,423/-

2018-19 വർഷത്തിൽ 44,00,000/-രൂപ അടങ്കൽ വകയിരുത്തിയിരുന്ന ഈ പ്രോജക്ടിന്റെ നിർവഹണത്തിനായി 24.1.2019-ൽ ആർട്ടിസാൻ ഡെവലമെന്റ് കോർപ്പറേഷനുമായി കരാർ ചമച്ചിരിക്കുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിയുടെ 80% പൂർത്തികരിച്ചുവെന്നും അഡ്വാൻസായി 25 ലക്ഷം രൂപ നൽകണമെന്നു ആർട്ട്കോ ആവശ്യപ്പെട്ടിരുന്നു. 2018-19 ൽ തുക നൽകിയതായി കാണുന്നില്ല. 2019-20 ലും ടി പ്രോജക്ട് സ്പിൽ ഓവറാക്കിയെങ്കിലും ചെലവ് നടന്നില്ല.

സ്പിൽ ഓവറായി 2020-21 വർഷത്തിൽ 39,58,427/-രൂപ വകയിരിത്തിയിരുന്ന ഈ പ്രോജക്ടിന്റെ പദ്ധതി വിഹിതമായ 28,02,423/-രൂപ ബിൽ നം. l/20-21 തീ 22.4.20, തനതു ഫണ്ട് 3,00,000/-രൂപ ചെക്ക് നം. 5389556/ 28.10.20 പ്രകാരവും ആകെ 31,02,423/-രൂപ ആർട്ട്കോയ്ക്ക് നൽകിയിരിക്കുന്നു.

പേയ്മെന്റ് ഫയൽ പരിശോധിച്ചതിൽ, ഫർണിഷിംഗ് പ്രവൃത്തി ഗുണനിലവാരമില്ലാത്തതാണെന്നും, സിലിംഗ് പൂപ്പൽ പിടിച്ചുവെന്നും, പ്രസിഡന്റിന്റെയും സെക്രട്ടറിയുടേയും മുറികളുടെ ഗ്ലാസ് ഭാഗത്ത് പഞ്ചായത്തിന്റെ എംബ്ലം ഇല്ലെന്നും ഗ്ലാസ് പാർട്ടീഷനുകൾ എച്ചിംഗ് നടത്തിയിട്ടില്ല എന്നും 17/12/2019 ലെ സെക്ഷൻ നോട്ട് കുറിപ്പിൽ കാണുന്നു. 18.01.2020-ൽ ആർട്ട്കോയ്ക്ക് തുക നൽകാനും, കേടുപാടുകൾ തീർത്തും തരാൻ കത്തുനൽകാനും സെക്രട്ടറി നിർദ്ദേശിച്ചിരുന്നു. ആയതു പ്രകാരമാണ് 31,02,423/-രൂപ നൽകിയത്.

22.10.21-ൽ പ്രവൃത്തിയുടെ ഗുണനിലവാരം സംബന്ധിച്ച് റിപ്പോർട്ടു നൽകാൻ അസി. എൻജിനീയറെ നം. എസ്.സി 1/2020- 21 കത്തുപ്രകാരം ചുമതലപ്പെടുത്തി. ഓഡിറ്റ് തീയതി വരെ പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല.

പ്രവൃത്തി പൂർത്തിയാകുന്ന / പാർട്ട് ബിൽ നൽകുന്ന ഘട്ടത്തിൽ അസി.എൻജിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും, ആർട്ട്കോ നൽകുന്ന ബിൽ തുകയുടെ പ്രവൃത്തി മൂല്യം (ആർട്ട്കോ എസ്റ്റിമേറ്റ് നിരക്ക് പ്രകാരം) അസി.എൻജിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയതിന് ശേഷമേ നൽകാവൂ എന്നും നിർദ്ദേശിക്കുന്നു.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.17/1-12-21ന് മറുപടി ലഭ്യമായില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 29.11.21, 30.11.21 | കെ.എസ്.എ.കെ.എൽ.എം.പി.8/1838/21 തീയതി. 03.07.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് കൊല്ലം | 2020-21 | 4,00,000/- | 109/20-21-അങ്കണവാടി നമ്പർ 12 നിർമ്മാണം | 4,00,000 | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2020-21 | 4,00,000/- | 24/20-21-പാലിന് സബ്സിഡി | 4,00,000/- | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2020-21 | 1,00,000/- | 18/20-21-അനുപൂരക പോഷകാഹാരം-ജനറൽ | 1,00,000/- | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2020-21 | 1,00,000/- | 29/20-21-അനുപൂരക പോഷകാഹാരം-എസ്.സി | 1,00,000/- | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2020-21 | 66,000/- | 28/20-21-ശാരീരിക-മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 66,000/- | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2020-21 | 2,80,000/- | 92/20-21-ലൈഫ് ഭവന പദ്ധതി | 2,80,000/- | 0 |
| ജില്ലാപഞ്ചായത്ത് കൊല്ലം | 2020-21 | 8,50,672/- | 66/20-21-മാവോലിൽ തഴവയൽ റോഡ് – കോൺക്രീറ്റിംഗ് | 8,50,672/- | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2019-20 (ഒ.ബി) | 13,52,475/- | 130/20-21-ലൈഫ് ഭവന പദ്ധതി | 11,40,000/- | 2,12,475/- |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 10,00,000/- | 113/20-21-എം.ആർ.എഫ് ഷെഡ്ഡിന് ഭൂമി വാങ്ങൽ | 10,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 70,000/- | 150/20-21- ശാരീരിക-മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 70,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 6,00,000/- | 83/20-21-ലൈഫ് ഭവന പദ്ധതി-ഭൂമി വാങ്ങൽ | 6,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 3,00,000/- | 18/20-21 അനുപൂരക പോഷകാഹാരം-ജനറൽ | 3,00,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 1,60,000/- | 92/20-21 ലൈഫ് ഭവന പദ്ധതി | 1,60,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 70,000/- | 28/20-21ശാരീരിക-മാനസിക വെല്ലുവിളികളുള്ള കുട്ടികളുടെ സ്കോളർഷിപ്പ് | 70,000/- | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 4,94,537/- | 115/20-21- ചിറാശ്ശേരി കോളനി-കരോലിമുക്ക് റോഡ് – റീ ടാറിംഗ്-വാർഡ്-13 | 4,94,537/- | 0 |
| ബ്ലോക്ക് പഞ്ചായത്ത്, ഓച്ചിറ | 2020-21 | 1,00,000/- | 26/20-21-ഇടവിള കൃഷി | 0 | 1,00,000/- |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെൽട്രോൺ | 154/20-21- സുരക്ഷിത ക്ലാപ്പന സി.സി.ടി.വി ക്യാമറ പോലീസ് സ്റ്റേഷനുമായി ബന്ധിപ്പിക്കൽ | 22000626, 07.10.2020 | 1,08,532/- | 1,08,532/- | 0 |
| കേരള വാട്ടർ അതോറിറ്റി, കൊല്ലം | 152/20-21-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001227,28 25.02.2021 | 1,55,000/- | 0 | 1,55,000/- |
| കെ.എസ്.ഇ.ബി, ഓച്ചിറ | 97/20-21-സ്ട്രീറ്റ് ലൈൻ സ്ഥാപിക്കൽ | 22001141 11.02.2021 | 1,51,040/- | 1,51,040/- | 0 |
| കെ.എസ്.ഇ.ബി, ഓച്ചിറ | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ, വാർഡ്-6 | 22000054, 05.05.2020 | 89,718/- | 89,718/- | 0 |
| കെ.എസ്.ഇ.ബി, ഓച്ചിറ | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ, വാർഡ്-9 | 22000541 11.09.2020 | 6,810/- | 6,810/- | 0 |
| കെ.എസ്.ഇ.ബി, ഓച്ചിറ | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ, വാർഡ്-5 | 22000566 01.02.2021 | 11,648/- | 11,648/- | 0 |
| കെ.എസ്.ഇ.ബി, ഓച്ചിറ | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ, വാർഡ്-9 | 22001080 01.02.2021 | 50,780/- | 50,780/- | 0 |
| കെ.എസ്.ഇ.ബി, ഓച്ചിറ | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ, വാർഡ്-6 | 22001129, 10.02.2021 | 17,662/- | 17,662/- | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹24,20,000/- വരവുണ്ട്. മുൻബാക്കിയടക്കം ₹13,60,000/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക(രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | - | ₹24,20,000/- | ₹1,83,59,753/- | 16,68,156/- | 0 | ₹1,91,11,597/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2017-18 | 2 | 2017-18 | 2 | തനത് ഫണ്ടിനായി ഒന്നിലധികം അക്കൗണ്ടുകൾ | - |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക :

തുകയൊന്നും ഈടാക്കിയിട്ടില്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക :

തുകയൊന്നും ഈടാക്കിയിട്ടില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 78,075/- | ശ്രീ. ഷാനവാസ്.എ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് |
| 1-19 | 1,76,025/- | ശ്രീ. ഷാനവാസ്.എ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് |
| | 92,025/- | ശ്രീമതി. താര.ആർ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് |
| 1-22 | 1,51,040/- | ശ്രീ. ഷാനവാസ്.എ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് |
| | 1,55,000/- | ശ്രീമതി. താര.ആർ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

നഷ്ടം ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷാനവാസ്.എ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് | വിരമിച്ചു | പൈനവേലിൽ, ഇടക്കുളങ്ങര ( പിഒ ) |
| ശ്രീമതി താര .ആർ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് | ശ്രീമതി താര.ആർ, സെക്രട്ടറി, ക്ലാപ്പന ഗ്രാമപഞ്ചായത്ത് | പുളീക്കൽ, വലിയകുളങ്ങര, ഓച്ചിറ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 4 |
| 1998-99 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 1999-2000 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2000-01 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 7 |
| 2002-03 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2003-04 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 2 |
| 2004-05 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2005-06 | കെ.എസ്.എ-കെ.എൽ.എം-പി8381/18 തീയതി-21.02.18 | 3 |
| 2006-07 | കെ.എസ്.എ-കെ.എൽ.എം-പി8/727(1)/18 തീയതി-29.05.19 | 2 |
| 2008-09 | കെ.എസ്.എ-കെ.എൽ.എം-പി8/727(3)/18 29.05.19 | 1 |
| 2009-10 | കെ.എസ്.എ-കെ.എൽ.എം-പി8/727(4)/18 തീയതി-29.05.19 | 2 |
| 2011-12 | കെ.എസ്.എ-കെ.എൽ.എം-പി2-111/16 തീയതി- | 3 |

| | | |
|---|---|---|
| 2012-13 | കെ.എസ്.എ-കെ.എൽ.എം-പി2-1163/14 തീയതി-17.11.14 | 8 |
| 2013-14& 2014-15 | കെ.എസ്.എ-കെ.എൽ.എം-പി2/231/16 തീയതി-3.10.16 | 14 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി8/1823/16 തീയതി-25.10.17 | 10 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി2/1751/17 തീയതി-9.4.18 | 13 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി8/1485/18 തീയതി-9.5.19 | 19 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി8/455/20 തീയതി-3.6.20 | 25 |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി8/844/2021 04.07.21 | 31 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ക്ലാപ്പന ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.